# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം -695 033

നം. ബി5-30034-2019-സം.തി.ക-പാർട്ട് 1 തീയതി: 19.11.2020

പ്രേഷിതൻ
സെക്രട്ടറി

സ്വീകർത്താവ്
എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ & ജില്ലാ കളക്ടർമാർ

സർ,

വിഷയം : സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതു തിരഞ്ഞെടുപ്പ് 2020 - ഇ-ഡ്രോപ്പ് - തിരഞ്ഞെടുപ്പ് ജോലിയിൽ നിന്നും ഒഴിവാക്കൽ - അധിക മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന : 1) സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 10/11/2020-ലെ ബി5-30034-2019-സം.തി.ക നമ്പർ നടപടിക്രമം.
2) സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 13/11/2020-ലെ ബി5-30034-2019-സം.തി.ക നമ്പർ കത്ത്.

സൂചനകളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. തിരഞ്ഞെടുപ്പ് ജോലിയിൽ നിന്നും ഒഴിവാക്കുന്നത് സംബന്ധിച്ച് താഴെ പറയുന്ന അധികമാനദണ്ഡങ്ങൾ കൂടി പുറപ്പെടുവിക്കുന്നു.

i) സസ്പെൻഷനിലുള്ള ജീവനക്കാരെ തിരഞ്ഞെടുപ്പ് ഡ്യൂട്ടിയിൽ പരിഗണിക്കേണ്ടതില്ല.

ii) തിരഞ്ഞെടുപ്പ് വിജ്ഞാപനത്തിന് മുമ്പ് അവധിയിൽ പ്രവേശിച്ച ജീവനക്കാരെ അവധി നൽകിയിരിക്കുന്ന പശ്ചാത്തലം പരിശോധിച്ച ശേഷം അവരെ തിരഞ്ഞെടുപ്പ് ഡ്യൂട്ടിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച ഉചിതമായ തീരുമാനം ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് കൈക്കൊള്ളാവുന്നതാണ്.

iii) ഗർഭിണികൾക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പിൻബലത്തോടെ തിരഞ്ഞെടുപ്പ് ഡ്യൂട്ടിയിൽ നിന്ന് ഒഴിവാകുവാൻ (7 മാസവും അതിനുശേഷവും ഉള്ള ഗർഭിണികൾക്ക് പുറമേ) ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ മുമ്പാകെ അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഇക്കാര്യത്തിൽ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് ഉചിതമായ തീരുമാനം എടുക്കാവുന്നതാണ്.

iv) ബ്ലോക്ക്/ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ വിവരങ്ങൾ e-DROP സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തേണ്ടതില്ല. എന്നാൽ ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവിയിലെ ജീവനക്കാരെ e-DROP-ൽ ചേർക്കാവുന്നതാണ്. പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് തിരഞ്ഞെടുപ്പ്

'ജനഹിതം', ടി.സി. 27/6(2), വികാസ്ഭവൻ പി.ഒ, തിരുവനന്തപുരം 695 033 ഫോൺ :0471-2325048,2337884
Fax:0471-2338288,e-mail:cru.sec@kerala.gov.in,website:www.sec.kerala.gov.in

സംബന്ധിച്ച ജോലികൾ വഹിക്കേണ്ട സാഹചര്യമുണ്ടായാൽ, അക്കാര്യം ബന്ധപ്പെട്ട സെക്രട്ടറി, ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും അത് പരിശോധിച്ചശേഷം അവരെ പോളിംഗ് സ്റ്റേഷൻ ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്.

v) RO/ARO-യ്ക്ക് തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ആവശ്യമായ ജീവനക്കാരെ അവരുടെ ഓഫീസിൽ നിന്നും തന്നെ നിയോഗിക്കേണ്ടതാണ്. അധികം ജീവനക്കാർ ആവശ്യമുള്ള പക്ഷം അനുബന്ധ സ്ഥാപനങ്ങളിൽ നിന്നും എടുക്കാവുന്നതാണ്. ഇപ്രകാരം ആവശ്യമായ ജീവനക്കാരുടെ ലിസ്റ്റ് ഉൾപ്പെടുത്തിയിട്ടുള്ള നടപടിക്രമം RO/ARO പുറപ്പെടുവിക്കേണ്ടതും ആയത് ബന്ധപ്പെട്ട ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ മുമ്പാകെ സമർപ്പിച്ച് അവരെ e-DROP-ൽ നിന്നും ഒഴിവാക്കുവാൻ അപേക്ഷിക്കാവുന്നതുമാണ്. ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് ഇക്കാര്യം പരിശോധിച്ച് ഉചിതമായ തീരുമാനം എടുക്കാവുന്നതാണ്.

വിശ്വസ്തതയോടെ

എ.സന്തോഷ്
സെക്രട്ടറി

പകർപ്പ്:

ശ്രീ.സുരേഷ്.കെ,
സീനിയർ ടെക്നിക്കൽ ഡയറക്ടർ &
ഡിസ്ട്രിക്ട് ഇൻഫൊർമാറ്റിക്സ് ഓഫീസർ,
NIC തൃശ്ശൂർ യൂണിറ്റ്, കളക്ടറേറ്റ്,
അയ്യന്തോൾ, തൃശ്ശൂർ.